# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4086
## 12-11-2019 - ലെ മറുപടിക്ക്

### ഷൊർണ്ണൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

| ചോദ്യം<br>**ശ്രീ.പി.കെ.ശശി** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുമായി 2016-17,2017-18,2018-19 വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സായി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ? | നിയമസഭാസാമാജികരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 വർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ അനുമതി നല്കിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് 2018-19ന് കീഴിൽ പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**